# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 22.04.2026** **TIME : 12.30 PM**

## പ്രധാന വാർത്തകൾ

1) പതിമൂന്ന് പേരുടെ മരണത്തിനിടയാക്കിയ തൃശ്ശൂർ മുണ്ടത്തിക്കോട് വെടിക്കെട്ടുപുര സ്ഫോടനത്തിൽ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ.

2) അപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് 14 ലക്ഷം രൂപ വീതം അടിയന്തിര ധനസഹായം. പരിക്കേറ്റവർക്ക് രണ്ട് ലക്ഷം രൂപ അനുവദിക്കും. ചികിത്സാചെലവ് സർക്കാർ ഏറ്റെടുക്കും.

3) പഹൽഗാം ഭീകരാക്രമണത്തിന്റെ ഒന്നാം വാർഷികത്തിൽ ജീവൻനഷ്ടപ്പെട്ടവരെ അനുസ്മരിച്ച് പ്രധാനമന്ത്രിയും കേന്ദ്രമന്ത്രിമാരും.

4) തമിഴ്നാട്ടിൽ എല്ലാ നിയമസഭാ സീറ്റുകളിലും പശ്ചിമബംഗാളിൽ ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ട 152 മണ്ഡലങ്ങളിലും നാളെ വോട്ടെടുപ്പ്.

5) "നമ്മുടെ ശക്തി, നമ്മുടെ ഭൂമി" എന്ന പ്രമേയത്തിൽ ആഗോള പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം വിളിച്ചോതി ഇന്ന് ലോക ഭൗമ ദിനം.

6) ഇന്ത്യ-ദക്ഷിണാഫ്രിക്ക വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് ജോഹന്നാസ്ബെർഗിൽ.

********************************

## മുണ്ടത്തിക്കോട് സ്ഫോടനം– ജുഡീഷ്യൽ അന്വേഷണം

തൃശ്ശൂർ മുണ്ടത്തിക്കോട് വെടിക്കെട്ടുപുര സ്ഫോടനത്തെക്കുറിച്ച് സംസ്ഥാന സർക്കാർ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചു. ജസ്റ്റിസ് സി എൻ രാമചന്ദ്രൻനായരുടെ ഏകാംഗ ജുഡീഷ്യൽ കമ്മീഷനാണ് അന്വേഷണച്ചുമതല. അപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് 14 ലക്ഷം രൂപ വീതം അടിയന്തിര ധനസഹായം നൽകാനും മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ഓൺലൈനായി ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. പരിക്കേറ്റവർക്ക് ദുരന്തപ്രതികരണ നിധി പ്രകാരമുള്ള തുകയ്ക്കു പുറമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നു രണ്ട് ലക്ഷം രൂപയും അനുവദിക്കും. പരിക്കേറ്റവരുടെ ചികിത്സാചെലവ് സർക്കാർ ഏറ്റെടുക്കും.

*********************************

## വെടിക്കെട്ട്പുര സ്ഫോടനം

സ്ഫോടനത്തെ സവിശേഷ ദുരന്തമായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടിവ് കമ്മിറ്റിക്ക് മന്ത്രിസഭായോഗം നിർദ്ദേശം നൽകിയതായി മന്ത്രി കെ രാജൻ തൃശൂരിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. മൃതദേഹങ്ങൾ മറവു ചെയ്യുന്നതിനും, ഡിഎൻഎ സാമ്പിളുകൾ ശേഖരിക്കുന്നതിനുമായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ പുറപ്പെടുവിക്കും. അടിയന്തര പ്രതികരണത്തിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തിരച്ചിലും രക്ഷാപ്രവർത്തനവും സുഗമമാക്കുന്നതിനുവേണ്ടി സ്വകാര്യവ്യക്തികളുടെ മതിൽ പൊളിക്കുകയും വയൽ നികത്തുകയും ചെയ്തത് പൂർവ്വ സ്ഥിതിയിൽ ആക്കുന്നതിന് ചെലവാകുന്ന തുക ദുരന്തപ്രതികരണ നിധിയിൽ നിന്നും അനുവദിക്കും. വീടുകൾക്കുണ്ടായ നാശനഷ്ടത്തിൻറെ തോത് കണക്കാക്കി നഷ്ടപരിഹാരത്തുക ലഭ്യമാക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിതയതായും മന്ത്രി പറഞ്ഞു.

*******************************

<u>പൂരം - മന്ത്രി വാസവൻ(ഇൻട്രോ)</u>

ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ തൃശ്ശൂർ പൂരത്തെ സംബന്ധിച്ച് തിരുവമ്പാടി, പാറമേക്കാവ് ദേവസ്വങ്ങളുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കുമെന്ന് മന്ത്രി വി എൻ വാസവൻ. ഇക്കാര്യത്തിൽ ഏകപക്ഷീയമായ തീരുമാനമല്ല സർക്കാർ എടുക്കുകയെന്നും മന്ത്രി മാധ്യമപ്രവർത്തകരോട് പറഞ്ഞു.

(വോയ്സ്)

മന്ത്രിമാരായ എം ബി രാജേഷ് , ആർ ബിന്ദു, രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

*******************************

<u>വെടിക്കെട്ടപകടം -തൃശ്ശൂർ (ഇൻട്രോ)</u>

തൃശ്ശൂർ മുണ്ടത്തിക്കോട് വെടിക്കെട്ടുപുര അപകടത്തിൻറെ നടുക്കത്തിൽ നിന്ന് പ്രദേശവാസികൾ ഇനിയും മുക്തരായിട്ടില്ല.

**വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്....**

**(വോയ്സ്)**

*******************************

<u>പഹൽഗാം-പ്രധാനമന്ത്രി</u>

ജമ്മു കശ്മീരിലെ പഹൽഗാമിൽ നിരപരാധികളായ 26 വിനോദസഞ്ചാരികൾ കൊല്ലപ്പെട്ട ഭീകരാക്രമണത്തിന് ഇന്ന് ഒരു വർഷം തികയുന്നു. ഭീകരവാദത്തിന്റെ ഒരു രൂപത്തിന് മുന്നിലും ഇന്ത്യ ഒരിക്കലും തലകുനിക്കില്ലെന്നും ഭീകരരുടെ ക്രൂരമായ ലക്ഷ്യങ്ങൾ ഒരിക്കലും വിജയിക്കില്ലെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ട നിരപരാധികളെ അനുസ്മരിക്കുകയായിരുന്നു അദ്ദേഹം. ക്രൂരമായ

ആ ആക്രമണത്തിന് വിധേയമായവരെ രാജ്യം ഒരിക്കലും മറക്കില്ലെന്ന് പ്രധാനമന്ത്രി പറഞ്ഞു.

*******************************

## രാജ്നാഥ് സിംഗ്, അമിത്ഷാ - പഹൽഗാം

ജമ്മു കശ്മീരിലെ പഹൽഗാമിലുണ്ടായ ഭീകരാക്രമണത്തിന്റെ വാർഷികത്തിൽ ഇരകൾക്ക് ആദരാഞ്ജലി അർപ്പിച്ച് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗും ആഭ്യന്തര മന്ത്രി അമിത് ഷായും. രാജ്യത്തിന്റെ ഐക്യത്തെ തകർക്കാൻ ശ്രമിക്കുന്നവർക്ക് ശക്തമായ ഭാഷയിൽ മറുപടി നൽകുമെന്ന് ശ്രീ. രാജ്നാഥ് സിംഗ് ഓർമ്മിപ്പിച്ചു. ഭീകരതയോടും അതിനെ പ്രോത്സാഹിപ്പിക്കുന്നവരോടും രാജ്യം വിട്ടുവീഴ്ചയില്ലാത്ത നയം തുടരുമെന്ന് ശ്രീ. അമിത് ഷാ വ്യക്തമാക്കി.

*******************************

## പശ്ചിമബംഗാൾ - തിരഞ്ഞെടുപ്പ്

പശ്ചിമ ബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വോട്ടെടുപ്പ് നാളെ നടക്കും. 16 ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന 152 മണ്ഡലങ്ങളിലാണ് ആദ്യഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്. 167 വനിതകൾ ഉൾപ്പെടെ ആകെ 1,478 സ്ഥാനാർത്ഥികളാണ് ഈ ഘട്ടത്തിൽ ജനവിധി തേടുന്നത്. രണ്ടാം ഘട്ട വോട്ടെടുപ്പ് അടുത്ത ബുധനാഴ്ച നടക്കും

*******************************

## തമിഴ്നാട് - തിരഞ്ഞെടുപ്പ്

തമിഴ്നാട്ടിലെ 234 നിയമസഭാ മണ്ഡലങ്ങളിലേക്കുമുള്ള വോട്ടെടുപ്പ് നാളെ ഒറ്റഘട്ടമായി നടക്കും. രാവിലെ 7:00 മുതൽ വൈകിട്ട് 6:00 വരെയാണ് വോട്ടെടുപ്പ് . ഇന്ന് നിശബ്ദ പ്രചാരണമാണ് . സംസ്ഥാനത്ത് ആകെ അഞ്ച് കോടി 73 ലക്ഷത്തി 43 ആയിരത്തിലധികം വോട്ടർമാരുണ്ട് .

********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

********************************

## ഭൗമ ദിനം (ഇൻട്രോ)

ആഗോള പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം വിളിച്ചോതി ഇന്ന് ലോക ഭൗമ ദിനം ആചരിക്കുന്നു. പ്രകൃതിയുമായുള്ള മനുഷ്യന്റെ ബന്ധം പുനഃസ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ദിനം ആചരിക്കുന്നത്. "നമ്മുടെ ശക്തി, നമ്മുടെ ഭൂമി" എന്നതാണ് 2026-ലെ ഭൗമ ദിനത്തിന്റെ സന്ദേശം. **വിശദാംശങ്ങളിലേക്ക്.......**

**(വോയ്സ്)**

## ഭൗമദിനം (വോയ്സ്)

ലോക ഭൗമദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിലെ ആകാശവാണി ഭവനിലെ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ആകാശവാണി ന്യൂസ് സർവീസസ് ഡിവിഷൻ ഡയറക്ടർ ജനറൽ ധീരജ് എം കാകാഡിയ പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഊർജ്ജം, പ്രത്യേകിച്ച് വൈദ്യുതി ഉത്തരവാദിത്തത്തോടെ ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ച് പ്രതിജ്ഞയിൽ അദ്ദേഹം ഊന്നിപ്പറഞ്ഞു. ശുദ്ധവും ഹരിതാഭവുമായ പുനരുപയോഗ ഊർജ്ജം പ്രോത്സാഹിപ്പിക്കുക, ജലവും പ്രകൃതിവിഭവങ്ങളും സംരക്ഷിക്കുക എന്നിവയും പ്രതിജ്ഞയുടെ ഭാഗമായിരുന്നു. പ്ലാസ്റ്റിക് മലിനീകരണം കുറയ്ക്കുക, വനവൽക്കരണം പ്രോത്സാഹിപ്പിക്കുക, ജലസ്രോതസ്സുകൾ സംരക്ഷിക്കുക തുടങ്ങിയ കാര്യങ്ങളിൽ ഓരോ വ്യക്തിക്കും സമൂഹത്തിനും വലിയ പങ്ക്

വഹിക്കാനുണ്ടെന്ന് ഐക്യരാഷ്ട്രസഭ വ്യക്തമാക്കി. ന്യൂസ് ഡസ്ക് **ആകാശവാണി..**

*******************************

**TIME:**12:30 **DATE:**2026-04-22

## ഹരിത കേരളം മിഷൻ-കണ്ണൂർ(ഇൻട്രോ)

കണ്ണൂർ ജില്ലയിൽ പച്ചത്തുരുത്തുകളോടൊപ്പം ഫുഡ് ഫോറസ്റ്റ് എന്ന ആശയം കൂടി നടപ്പിലാക്കാൻ ഹരിത കേരളം മിഷൻ ശ്രമം തുടങ്ങി. തരിശിടങ്ങളിൽ പോഷകമൂല്യമുള്ള വൃക്ഷ വിളകൾ നട്ടു വളർത്തി ഫല -വൃക്ഷ വിഭവങ്ങൾ ഉണ്ടാക്കുന്നതാണ് ഫുഡ് ഫോറസ്റ്റ്. **വിശദ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഓ.ശശിധരൻ......**

(വോയ്സ്)

*******************************

## വനിതാ ട്വന്റി-20 ക്രിക്കറ്റ്

ഇന്ത്യ- ദക്ഷിണാഫ്രിക്ക വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം , ഇന്ന് ജോഹന്നാസ്ബെർഗിലെ വാണ്ടറേഴ്സ് സ്റ്റേഡിയത്തിൽ നടക്കും. ഇന്ത്യൻ സമയം രാത്രി 9:30-ന് മത്സരം ആരംഭിക്കും. ആദ്യ രണ്ട് കളികളിലും പരാജയപ്പെട്ട ഇന്ത്യയ്ക്ക് ഇന്നത്തെ മത്സരം നിർണായകമാണ്.

*******************************

## ഐ.പി.എൽ

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് രാത്രി 7.30 ന് നടക്കുന്ന കളിയിൽ രാജസ്ഥാൻ റോയൽസ് , ലക്നൗ സൂപ്പർ ജയിൻസുമായി ഏറ്റുമുട്ടും. ഇന്നലെ നടന്ന കളിയിൽ സൺ റൈസേഴ്സ് ഹൈദരാബാദ് ഡൽഹി ക്യാപിറ്റൽസിനെ 47 റൺസിന് പരാജയപ്പെടുത്തി.

******************************

## താപനില

കേരളത്തിൽ വെള്ളിയാഴ്ചവരെ കനത്ത ചൂട് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പാലക്കാട് 40 ഡിഗ്രി സെൽഷ്യസ് വരെയും , കൊല്ലം ജില്ലയിൽ 39 വരെയും കോട്ടയത്ത് 38 ഡിഗ്രി വരെയും താപനില ഉയരാൻ സാധ്യതയുണ്ട്. സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴ അനുഭവപ്പെട്ടേക്കാമെന്നും കാലാവസ്ഥാ വിഭാഗം മുന്നറിയിപ്പ് നൽകി.

******************************

## വാൽപാറ ബസ് ഡ്രൈവർ

മലപ്പുറം വാൽപാറ വാഹനാപകടത്തിൽ പരുക്കേറ്റ് കോയമ്പത്തൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന ബസ് ഡ്രൈവർ നൗഷാദ് അലിയും മരണത്തിനു കീഴടങ്ങി. അതീവ ഗുരുതരാവസ്ഥയിൽ വെന്റിലേറ്ററിൽ തുടരവെ ഇന്ന് പുലർച്ചെയാണ് മരണം സംഭവിച്ചത്. നൗഷാദ് അലിയുടെ മരണത്തോടെ അപകടത്തിൽ മരിച്ചവരുടെ എണ്ണം പത്തായി.

******************************

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് ഈ മാസം 26-ന് രാവിലെ 11- മണിക്ക്. പരിപാടിയുടെ 133-ാാം പതിപ്പാണിത്. ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും. മൻ കി ബാത്തിലേക്ക് ഈ മാസം 24 വരെ അഭിപ്രായങ്ങൾ പങ്കുവയ്ക്കാം

******************************

## കണ്ണൂർ -ഭക്ഷ്യ ശുചിത്വം

കണ്ണൂർ ജില്ലയിൽ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ഭക്ഷ്യ-പാനീയ വിതരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തി. ആരോഗ്യ വകുപ്പിന്റെ 97 സ്‌ക്വാഡുകൾ ആണ് ജില്ലയിലെ വിവിധ ഭക്ഷ്യ പാനീയ വിതരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തിയത് . ഹോട്ടൽ, ബേക്കറി, ജ്യൂസ്കട, തട്ടുകടകൾ ഉൾപ്പെടെ അഞ്ച് സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും നിർദേശിച്ചു.

********************************

## കണ്ണൂർ അഞ്ചരക്കാണ്ടി

അഞ്ചരകണ്ടി ഡെന്റൽ കോളേജ് ബി.ഡി.എസ് വിദ്യാർഥി നിതിൻ രാജ് മരിച്ച സംഭവത്തിൽ കോളേജ് പാതോളജി വിഭാഗം മുൻ തലവൻ ഡോ. എം.കെ.റാം, ഓറൽ പാതോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. സംഗീത നമ്പ്യാർ എന്നിവരുടെ മുൻകൂർ ജാമ്യാപേക്ഷയിൽ ഇന്ന് വാദം കേൾക്കും.

****************************************************************
********************************